**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2704** **14-09-2023 - ൽ മറുപടിയ്ക്ക്**

**നികുതി പിരിവ് കാര്യക്ഷമമാക്കാൻ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം സ്വർണ്ണവ്യാപാരമുൾപ്പെടെയുള്ള പല മേഖലകളിലും ഉപഭോക്താക്കൾ കബളിപ്പിക്കപ്പെടുന്നതും സംസ്ഥാനത്തിന് ലഭ്യമാകേണ്ട നികുതി ലഭിക്കാതിരിക്കുന്നതും പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തു ജി.എസ്.ടി നടപ്പാക്കിയതിനു ശേഷം സ്വർണ വ്യാപാരമുൾപ്പടെയുള്ള എല്ലാ മേഖലകളിലും ഉപഭോക്താക്കളുടെ താൽപ്പര്യം സംരക്ഷിക്കപ്പെടുന്നതിനും നികുതി വരുമാനം വർധിപ്പിക്കുന്നതിലേക്കുമായി എല്ലാ വ്യാപാര ഇടപാടുകൾക്കും ബില്ല് നൽകുന്നത് ഉറപ്പു വരുത്തുന്നതിനായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് ബഹുമുഖ നടപടിക്രമങ്ങൾ /പരിശോധനകൾ സ്വീകരിച്ചു വരുന്നു. ഉപഭോക്താവിനെ ബില്ല് വാങ്ങാൻ പ്രേരിപ്പിക്കുന്നതിലേക്കായി ആവിഷ്കരിച്ച ലക്കി ബില്ല് പദ്ധതി , ഇ - ഇൻവോയ്സ് സംവിധാനം തുടങ്ങിയവ ഇവയിൽ ഉൾപ്പെടുന്നു. നികുതി വെട്ടിപ്പിന്റെ സാധ്യതകളെ പരമാവധി കുറയ്ക്കുന്നതിനും നികുതി അടവ് ഉറപ്പുവരുത്തുന്നതിലേക്കുമായി ഇ-ഇൻവോയ്സിംഗ് ബാധകമായ വിറ്റുവരവിന്റെ പരിധി കുറച്ചുകൊണ്ടുവരുവാനും കൂടാതെ ജി.എസ്.ടി റിട്ടേണുകൾ സൂക്ഷ്മ പരിശോധനകൾ നടത്തി നികുതി വെട്ടിപ്പുകൾ കണ്ടെത്തുന്നതിനും കഴിയുന്നുണ്ട്. സംസ്ഥാനത്ത് അനധികൃത സ്വർണ്ണ വ്യാപാരവും നികുതി വെട്ടിപ്പും തടയുന്നതിനായി ഇ -വേ ബിൽ സംവിധാനം നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച ജി.എസ്.ടി കൗൺസിൽ തീരുമാനത്തിന് അനുസൃതമായി കേന്ദ്ര ജി എസ് ടി ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള കേന്ദ്ര നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന ചരക്ക് സേവന നികുതി ചട്ടങ്ങളിൽ ഇത് സംബന്ധിച്ച ഭേദഗതികൾ വരുത്തി ഇ-വേ ബിൽ നടപ്പിൽ വരുത്തുന്നതാണ്. സ്വർണ്ണ |

| | | | |
|---|---|---|---|
| | | | വ്യാപാര മേഖലയിൽ നികുതി വെട്ടിപ്പിന് സാധ്യതയുള്ള സ്ഥാപനങ്ങളിൽ വകുപ്പിന്റെ ഇന്റലിജൻസ് ആൻഡ് എൻഫോഴ്‌സ്‌മെന്റ് വിഭാഗം പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. . |
| (ബി) | നികുതി പിരിവ് ഉദ്യോഗസ്ഥ മേഖലയിലെ അഴിമതിയും കൈക്കൂലിയും ഇല്ലാതാക്കാൻ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ അത്തരത്തിൽ എത്ര പേർക്കെതിരെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ബി) | നികുതി പിരിവ് ഉദ്യോഗസ്ഥ മേഖലയിലെ അഴിമതിയും കൈക്കൂലിയും ഇല്ലാതാക്കുന്നതിലേക്കായി വകുപ്പിന്റെ ഒട്ടു മിക്ക സേവനങ്ങളും ഓൺലൈനായി നൽകുകയും ഇ-ഓഫീസ് സംവിധാനം കാര്യക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. പുനഃ സംഘടനാന്തരം ഇത്തരം കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിലേക്കായി 'ഇന്റേണൽ ഓഡിറ്റ് & ഇന്റേണൽ വിജിലൻസ് സെൽ ' എന്നൊരു പുതിയ വിഭാഗം രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു.ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ 7 ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. (അഴിമതി /കൈക്കൂലി) . |

സെക്ഷൻ ഓഫീസർ